# വേളൂക്കര ഗ്രാമപഞ്ചായത്ത്

**കൊറ്റനല്ലൂർ പി.ഒ. – 680 662**

**ഫോൺ : 0480 – 2860248**

Email : velukkaragpt@gmail.com

## <u>പൗരാവകാശ രേഖ</u>

**പ്രാബല്യം : ജനുവരി 2025**

**ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും വേളൂക്കര ഗ്രാമപഞ്ചായത്തിലെ പൗരന്മാർക്ക് സമയബന്ധിതമായി ലഭിക്കുന്നതാണ്.**

**രേഖയിൽ പറയുന്ന ക്ഷേമ പദ്ധതികൾ സർക്കാരിന്റെ കാലാകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ധനസഹായം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കുന്നതിനനുസരിച്ച് മാത്രമേ നൽകാൻ കഴിയുകയുള്ളൂ.**

# പൊതുവിവരണം

| | | |
|---|---|---|
| **പഞ്ചായത്തിന്റെ പേര്** | - | വേളൂക്കര ഗ്രാമപഞ്ചായത്ത് |
| **ഉൾപ്പെടുന്ന വില്ലേജുകൾ** | - | കൊറ്റനല്ലൂർ<br>വേളൂക്കര<br>കടുപ്പശ്ശേരി<br>മനവിലശ്ശേരി (ഭാഗികം) |
| **വാർഡുകൾ** | - | 18 |
| **വിസ്തീർണ്ണം** | - | 26.67 ച.കി.മി. |
| **ബ്ലോക്ക് പഞ്ചായത്ത്** | - | വെള്ളാങ്ങല്ലൂർ |
| **ജില്ല പഞ്ചായത്ത്** | - | തൃശൂർ |
| **അസംബ്ലി നിയോജക മണ്ഡലം** | - | ഇരിങ്ങാലക്കുട |
| **പാർലമെന്റ് നിയോജക മണ്ഡലം** | - | തൃശൂർ |
| **പഞ്ചായത്തിന്റെ അതിരുകൾ** | - | വടക്ക് - മുരിയാട് ഗ്രാമപഞ്ചായത്ത് ഇരിങ്ങാലക്കുട നഗരസഭ<br>കിഴക്ക് - ആളൂർ, പുത്തൻചിറ ഗ്രാമപഞ്ചായത്തുകൾ<br>തെക്ക് - പുത്തൻചിറ, വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തുകൾ<br>പടിഞ്ഞാറ് - വെള്ളാങ്ങല്ലൂർ പൂമംഗലം ഗ്രാമപഞ്ചായത്തുകൾ |
| **ജനസംഖ്യ (2001 ലെ സെൻസസ്)** | - | 29418 |
| **പുരുഷന്മാർ** | - | 13713 |
| **സ്ത്രീകൾ** | - | 15705 |
| **പട്ടികജാതി ജനസംഖ്യ** | - | 6935 |
| **പട്ടികവർഗ്ഗ ജനസംഖ്യ** | - | 67 |

# വേളൂക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി



**ജെൻസി ബിജു**
വൈസ് പ്രസിഡണ്ട്
9961884666



**യൂസഫ് കൊടകരപറമ്പിൽ**
വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ
9846911472



**ധനീഷ് കെ.എസ്.**
പ്രസിഡണ്ട്
9567828234



**ഷീജ ഉണ്ണികൃഷ്ണൻ**
ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ
9961628779



**ഗാവരോഷ് പി.എം.**
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ
9846721483



**സുപ്രഭ സുഖി**
1-ാം വാർഡ് മെമ്പർ
9946548278




**സതീഷ് പി.ജെ.**
2-ാം വാർഡ് മെമ്പർ
7994039991



**സുനിത ടി.എസ്.**
3-ാം വാർഡ് മെമ്പർ
9048993733



**ലീന ഉണ്ണികൃഷ്ണൻ**
5-ാം വാർഡ് മെമ്പർ
9188411131



**ബിബിൻ ബാബു തുടിയത്ത്**
6-ാം വാർഡ് മെമ്പർ
9846803051



**ശ്യാംരാജ് സി.ആർ.**
7-ാം വാർഡ് മെമ്പർ
9633818272



**പുഷ്പം ജോയ്**
8-ാം വാർഡ് മെമ്പർ
9605268965



**ഷീബ നാരായണൻ**
9-ാം വാർഡ് മെമ്പർ
9495384920



**രഞ്ജിത ഉണ്ണികൃഷ്ണൻ**
11-ാം വാർഡ് മെമ്പർ
9048918892



**സ്വപ്ന സെബാസ്റ്റ്യൻ**
12-ാം വാർഡ് മെമ്പർ
8589969304



**അജിത പി.എ.**
14-ാം വാർഡ് മെമ്പർ
8592951502



**വിൻസെന്റ് കാനംകുടം**
15-ാം വാർഡ് മെമ്പർ
9747724941



**പി.വി. മാത്യു**
17-ാം വാർഡ് മെമ്പർ
9447215692



**ബിന്ദു കെ.കെ**
(സെക്രട്ടറി ഇൻ ചാർജ്)
9400666657



# സന്ദേശം

കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായത്. പൗരന്മാർക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളും അവയ്ക്ക് ഹാജരാക്കേണ്ട രേഖകളും സേവനം നൽകുന്നതിനുള്ള പരമാവധി കാലാവധിയും പൗരവാകാശ രേഖയിൽ സൂചിപ്പിക്കുന്നു. സർക്കാർ ഉറപ്പു നൽകുന്ന കാലയളവിലോ, അതിലും ഒരു ദിവസം മുമ്പെങ്കിലുമോ സേവനം നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആഗ്രഹിക്കുന്നു. പൗരവാകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതു വഴി അവകാശത്തോടോപ്പം അവ ലഭ്യമാകാനുള്ള വഴിയും സുതാര്യമാക്കുന്നു.

8 അധ്യായങ്ങളിലായി ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ. പ്രാഥമിക ആരോഗ്യകേന്ദ്രം, മൃഗാശുപത്രി, ഹോമിയോ, ആയുർവ്വേദ ഡിസ്പെൻസറികൾ, ഐ.സി.ഡി.എസ്. എന്നിവയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ കെട്ടിടനിർമ്മാണം, ജനനമരണ രജിസ്ട്രേഷൻ, വിവാഹരജിസ്ട്രേഷൻ, ദേശീയ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശനിയമം, തർക്കപരിഹാരത്തിനുള്ള ഓംബുഡ്സ്മാൻ എന്നിവയെക്കുറിച്ചും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. പൊതുജനങ്ങളുടെ ഉത്തരവാദിത്വങ്ങൾകൂടി സൂചിപ്പിക്കുന്ന ഈ ലഘുഗ്രന്ഥം നമ്മുടെ ജനാധിപത്യസമ്പ്രദായത്തെ കൂടുതൽ വികസിതവും സുതാര്യവുമാക്കാൻ സഹായിക്കും.

പൊതുജനങ്ങൾ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ വിവിധ ആവശ്യങ്ങൾക്ക് വരുമ്പോൾ സൗഹാർദ്ദമായ ഒരു അന്തരീക്ഷം ഉറപ്പു വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ആയതിന് ഫ്രണ്ട് ഓഫീസ് സംവിധാനം സുസജ്ജമാണ്. ജനകേന്ദ്രീകൃതവും അഴിമതിമുക്തവും ഗുണനിലവാരം ഉള്ളതുമായ സേവനം ഉറപ്പുനൽകുന്നതിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഈ ഉദ്യമത്തിന് ബഹു. ജനങ്ങളുടെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് പൗരവാകാശ രേഖ സമർപ്പിക്കുന്നു.

വിനയപൂർവ്വം

**കെ.എസ്. ധനീഷ്**
പ്രസിഡന്റ്, വേളൂക്കര ഗ്രാമപഞ്ചായത്ത്

കൊറ്റനല്ലൂർ
10-04-2025

# അവതാരിക

അധികാര വികേന്ദ്രീകരണത്തിലൂടെ ഓരോ ഗ്രാമപഞ്ചായത്തും ഓരോ ഗ്രാമീണ സെക്രട്ടറിയേറ്റായി മാറിയത് വഴി പൗരന്മാരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനും ആശ്രയിക്കാവുന്ന കേന്ദ്രമായ പഞ്ചായത്താഫീസിൽ നിന്നും പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള സേവനങ്ങൾ പരാതികൾക്കിടയില്ലാതെ ആവശ്യക്കാരുടെ അരികിലെത്തിക്കാൻ കഴിയുന്നതിന്റെ ഭാഗമായാണ് പഞ്ചായത്ത് പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്.

വേളൂക്കര ഗ്രാമപഞ്ചായത്ത്, അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പൗരന്മാർക്ക് സമയബന്ധിതമായി ലഭ്യമാകുന്ന സേവനങ്ങൾ വളരെ പെട്ടെന്നു തന്നെ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. അതുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഓഫീസ് പ്രവർത്തന ശൈലി കൂടുതൽ സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐഎൽജിഎംഎസ് എന്ന നൂതന സോഫ്റ്റ്വെയർ വേളൂക്കര ഗ്രാമപഞ്ചായത്ത് നടപ്പിൽ വരുത്തിയത്. ജനങ്ങൾക്ക് ഓൺലൈനായി വീടുകളിൽ ഇരുന്നും അക്ഷയ സേവന കേന്ദ്രങ്ങൾ വഴിയും വിവിധ അപേക്ഷകൾ സമർപ്പിക്കുകയും സേവനങ്ങൾ ഓൺലൈനായി തന്നെ സ്വീകരിക്കുകയും ചെയ്യാം. ശാശ്വത പരിഹാരം തീർത്തിരിക്കുകയാണ് നമ്മുടെ പഞ്ചായത്ത്. ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയർ ഉപയോഗത്തിലൂടെ erp.lsgkerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം ഏതൊരു വ്യക്തിക്കും വേളൂക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാം.

മാലിന്യസംസ്കരണ പ്രവർത്തനങ്ങളിലും വേളൂക്കര ഗ്രാമപഞ്ചായത്ത് വളരെയധികം പുരോഗതി കൈവരിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വീടുകളിൽ നിന്നും ഹരിതകർമ്മസേനാംഗങ്ങൾ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ടി മാലിന്യങ്ങൾ പഞ്ചായത്ത് സർക്കാർ അംഗീകൃത ഏജൻസിക്ക് കൈമാറുന്നു. സേവനങ്ങൾ എളുപ്പത്തിലും വേഗത്തിലും ലഭ്യമാവുന്നതിനായി അപേക്ഷകളുടെ മാതൃകകൾ സഹിതമാണ് മുൻവർഷത്തെപ്പോലെ ഈ വർഷവും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നത്. പൗരാവകാശ രേഖയിൽ പരാമർശിച്ചിട്ടുള്ള സേവനങ്ങൾ നിയമ പരിധിക്കകം അർഹരായ അപേക്ഷകർക്ക് ലഭ്യമാക്കാൻ സെക്രട്ടറിയും മറ്റനുബന്ധ മേധാവികളും ബാദ്ധ്യസ്ഥരായിരിക്കും.

കാര്യക്ഷമവും ചിട്ടയായതുമായ ഒരു ഭരണ സംസ്ക്കാരത്തിന് നാന്ദി കുറിക്കുന്നതിന് ഈ പൗരാവകാശ രേഖ പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വേളൂക്കര ഗ്രാമപഞ്ചായത്ത് ഈ പൗരാവകാശ രേഖ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**കെ.എസ്. ധനീഷ്**
പ്രസിഡന്റ്

**ബിന്ദു കെ.കെ.**
സെക്രട്ടറി ഇൻ ചാർജ്ജ്

# വേളൂക്കര ഗ്രാമപഞ്ചായത്ത് സ്റ്റാഫ്

| | | |
|---|---|---|
| ശ്രീമതി ബിന്ദു കെ.കെ. | - | സെക്രട്ടറി ഇൻ ചാർജ്ജ് |
| ശ്രീമതി ബിന്ദു കെ.കെ. | - | അസി. സെക്രട്ടറി |
| ശ്രീമതി മൃദുല എം.എസ്. | - | ഹെഡ് ക്ലർക്ക് |
| ശ്രീ. ബാബു ഇ.എസ്. | - | അക്കൗണ്ടന്റ് |
| ശ്രീമതി പ്രഭിത പ്രതാപ് | - | സീനിയർ ക്ലർക്ക് |
| ശ്രീ. പ്രദീപ് ടി.ബി. | - | സീനിയർ ക്ലർക്ക് |
| ശ്രീ. രനീഷ് കെ.ആർ. | - | സീനിയർ ക്ലർക്ക് |
| ശ്രീമതി ഗീതു ഇ.യു. | - | ക്ലർക്ക് |
| ശ്രീ. മുഹമ്മദ് അസ്ലം | - | ക്ലർക്ക് |
| ശ്രീ. മുഹമ്മദ് ജെസീൽ കെ.എ. | - | ക്ലർക്ക് |
| ശ്രീമതി ജിഷ ജെയിംസ് ഇ. | - | ക്ലർക്ക് |
| ശ്രീമതി സൽമ കെ.ആർ. | - | ഓഫീസ് അറ്റന്റന്റ് |
| ശ്രീ. വിഷ്ണു വി.ബി. | - | ഓഫീസ് അറ്റന്റന്റ് |
| ശ്രീ. സിനിൽ ശശിധരൻ | - | ടെക്നിക്കൽ അസിസ്റ്റന്റ് |
| ശ്രീമതി ലക്ഷ്മി എസ്. നായർ | - | പ്രോജക്ട് അസിസ്റ്റന്റ് |

## ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

| | | |
|---|---|---|
| ശ്രീമതി കൃഷ്ണേന്ദുലാൽ ടി. | - | അക്രഡിറ്റഡ് എഞ്ചിനീയർ |
| ശ്രീ. ജിയോ വിൻസ് | - | ഓവർസിയർ |
| ശ്രീമതി ധന്യ മനോജ് | - | അക്കൗണ്ടന്റ് കം ഐ.ടി. അസിസ്റ്റന്റ് |
| ശ്രീമതി വിനി ശ്രീധരൻ | - | അക്കൗണ്ടന്റ് കം ഐ.ടി. അസിസ്റ്റന്റ് |

കൊറ്റനല്ലൂർ
31-01-2025

അദ്ധ്യായം - 1

## വേളൂക്കര ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്)

# പൗരാവകാശരേഖ 2025

## ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന രീതി ആവശ്യമായ രേഖകൾ | നിബന്ധനകളും മാനദണ്ഡങ്ങളും | അടയ്ക്കേണ്ട ഫീസ് | ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|
| 1. | ജനന രജിസ്ട്രേഷൻ | 1. പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട ജനന രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് നൽകണം. / ഓൺലൈനായി അപേക്ഷിക്കണം | 1. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടക്കുന്ന ജനനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ.<br>2. വീട്ടിൽവെച്ചുള്ള ജനനം കുട്ടിയുടെ അച്ഛനോ അമ്മയോ 21 ദിവസ ത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.<br>3. ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനങ്ങൾ കുട്ടിയുടെ രക്ഷിതാക്കളിൽ നിന്നും ഫോറം പൂരിപ്പിച്ചു വാങ്ങി ബന്ധപ്പെട്ട ഡോക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്. | യഥാസമയം (21 ദിവസത്തിനകം) ജനനം രജിസ്ടർ ചെയ്യുന്നതിന് ഫീസില്ല<br>21 മുതൽ 30 ദിവസം വരെയുള്ള രജിസ്ട്രേഷന് 2 രൂപ | 7 ദിവസം |
| 2. | ജനനം / മരണം വൈകി രജിസ്റ്റർ ചെയ്യൽ | 1. വൈകിയതിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള അപേക്ഷ. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്<br>2. അപേക്ഷകൻ 2 ഗസറ്റഡ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒപ്പിട്ട 2 സത്യവാങ്മൂലം<br>3. ജനന / മരണ റിപ്പോർട്ട്<br>4. ജനനം / മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് | പഞ്ചായത്ത് അതിർത്തിയിൽ നടന്ന ജനന/മരണങ്ങൾ മാത്രം. | 30 ദിവസം മുതൽ ഒരു വർഷം വരെ 5 രൂപ. | ജില്ലാ രജിസ്ട്രാറിൽ നിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് |
| 3. | ജനന സർട്ടിഫിക്കറ്റ് (പേര് ചേർക്കൽ) | 1. കുട്ടിക്ക് ആറ് വയസ്സ് വരെ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച അപേക്ഷ<br>2. ആറ് വയസ്സിനു മേൽ അപേക്ഷയും സ്ഥലത്തെ ജനന/ മരണ രജിസ്റ്റാറിൽ നിന്നുള്ള ഐഡന്റിഫിക്കേഷൻ (തിരിച്ചറിയൽ) സർട്ടിഫിക്കറ്റും<br>3. സ്കൂളിൽ ചേർത്തിട്ടുണ്ടെങ്കിൽ സ്കൂളിലെ പ്രവേശന രജിസ്റ്ററിന്റെ കോപ്പി | പഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ച് നൽകണം / ഓൺലൈനായി അപേക്ഷിക്കണം | തെരച്ചിൽ ഫീസ് 2 രൂപ പകർപ്പ് ഫീസ് 5 രൂപ<br>1 വർഷത്തിനു ശേഷം പേര് ചേർക്കുന്നതിന് 5 രൂപ | 7 ദിവസം |
| 4 | ജനനം - ജനിച്ച് ഒരു വർഷത്തിനകമുള്ള പേര് ചേർക്കൽ | 1). മാതാപിതാക്കളുടെ ഐഡന്റിറ്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. 2). മാതാവിന്റെയും പിതാവിന്റെയും തിരിച്ചറിയൽ രേഖ / മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിലോ ഉപേക്ഷിച്ചതോ ആണെങ്കിൽ ഗാർഡിയന്റെ തിരിച്ചറിയൽ രേഖ. 3). മാതാപിതാക്കളുടെ സംയുക്ത അപേക്ഷ / മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലെങ്കിലോ ഉപേക്ഷിച്ചതോ ആണെങ്കിൽ ഗാർഡിയന്റെ അപേക്ഷ / പ്രായപൂർത്തിയാണെങ്കിൽ കുട്ടിയുടെ അപേക്ഷ. | പഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷാഫോറം പൂർണ്ണമായും പൂരിപ്പിച്ച് നൽകണം / ഓൺലൈനായി അപേക്ഷിക്കണം | തെരച്ചിൽ ഫീസ് 2 രൂപ പകർപ്പ് ഫീസ് 5 രൂപ<br>1 വർഷത്തിനു ശേഷം പേര് ചേർക്കുന്നതിന് 5 രൂപ | 7 ദിവസം |